## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6547 01.11.2011 -ൽ മറുപടിക്ക്**

### വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | സ്കൂൾ വിദ്യാർത്ഥികൾ പുകയില ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതു മൂലമുണ്ടാകുന്ന ശാരീരിക, മാനസിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | അത്തരം പ്രശ്നങ്ങളുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും പ്രശ്നപരിഹാരത്തിനുമായി സർക്കാർ ആശുപത്രികളിലെ ആരോഗ്യ പ്രവർത്തകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ . | (ബി) | നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി പുകയില ഉല്പന്നങ്ങൾ ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് വേണ്ട ചികിത്സയും കൗൺസിലിംഗും നടത്തി വരുന്നു. |
| (സി) | ലഹരി വിരുദ്ധ പ്രവർത്തനത്തിന്റെ ഭാഗമായി കായിക പരിശോധന നടത്തുന്നതിനും സ്കൂൾ പരിസരത്തെ കടകൾ റെയ്ഡ് ചെയ്യുന്നതിനും ആരോഗ്യപ്രവർത്തകർക്ക് അധികാരവും ചുമതലയും നൽകാമോ എന്നു വ്യക്തമാക്കാമോ ? | (സി) | സ്കൂളിന്റെ 100 മീറ്റർ ചുറ്റളവിൽ പുകയില വസ്തുക്കൾ വില്പന നടത്തുന്നതും 18 വയസ്സിൽ താഴെയുള്ളവർക്ക് പുകയില ഉല്പന്നങ്ങൾ വിൽക്കുന്നതും ഇൻഡ്യാ ഗവൺമെന്റ് നിരോധിച്ചിട്ടുണ്ട്. പുകയില നിയന്ത്രണ നിയമമനുസരിച്ച് ഹെൽത്ത് ഇൻസ്പെക്ടർക്കും അതിന് മുകളിലോട്ട് ഉള്ളവർക്കും കടകൾ റെയ്ഡ് ചെയ്യുന്നതിന് അധികാരം നൽകുന്നുണ്ട്. ചില സ്ഥലങ്ങളിൽ റെയ്ഡ് ചെയ്യുന്നുമുണ്ട്. എന്നാൽ ആരോഗ്യ പ്രവർത്തകർക്ക് അധികാരവും ചുമതലയും നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ